(6) പുതുനഗരം, കൊടുവായൂർ കുടിവെള്ള പദ്ധതി

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കൊടുവായൂർ, പുതുനഗരം ശുദ്ധജല വിതരണ പദ്ധതി കഴിയും വേഗം പൂർത്തിയാക്കി ജനങ്ങൾക്ക് പ്രയോജനപ്രദമാക്കണം എന്ന അടിയന്തിര ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. 1997-ൽ ഭരണാനുമതി ലഭിച്ച ഈ ശുദ്ധജല പദ്ധതിയുടെ ഒട്ടുമുക്കാൽ പണിയും പൂർത്തിയായിട്ടുള്ളതാണ്. ഇതിന് ആകെ 4.67 ദശലക്ഷം ലിറ്റർ വെള്ളം മാത്രമേ വേണ്ടിവരികയുള്ളൂ. അതിന്റെ ഉറവിടമായി കണക്കാക്കിയിരിക്കുന്നത് ചിറ്റൂർ പുഴയിലെ വെള്ളവും അന്തർ സംസ്ഥാന നദീജല കരാർ അനുസരിച്ച് ലഭിക്കുന്ന വെള്ളവുമാണ്. കഴിഞ്ഞ 30 വർഷങ്ങളായി ഈ പുഴയിൽനിന്ന് കുടിവെള്ളം പമ്പ് ചെയ്യുന്നതിന് കഴിഞ്ഞതിന്റെ മുന്നിലത്തെ വർഷം 10 ദിവസം വെള്ളം കിട്ടാതെ വന്നു എന്നതൊഴിച്ചാൽ ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ പുതുനഗരം, കൊടുവായൂർ പഞ്ചായത്ത് പ്രദേശത്തെ 70,000 ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു മീറ്റിംഗ് വിളിച്ചു കൂട്ടുകയും ഡിസംബറിൽ ഇത് കമ്മീഷൻ ചെയ്യും എന്ന് പറഞ്ഞിട്ടുള്ളതുമാണ്. സഭയിലും ഇതു സംബന്ധിച്ച് പല തവണ ഉറപ്പുനൽകിയതാണ്. ഇനിയും അത് പൂർത്തിയാകാതിരിക്കുന്നു. വരുന്ന വേനലിന് ഈ 70,000 ആളുകൾക്ക് പ്രയോജനപ്പെടുന്നവിധം ഈ പദ്ധതിയിൽനിന്ന് കുടിവെള്ളം കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ വിളിച്ചുകൂട്ടിയ യോഗത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഡിസംബർ മാസത്തിൽ പൂർത്തിയാക്കുന്നതിനെക്കുറിച്ച് പറഞ്ഞതും ശരിയാണ്. അത് എന്റെ കുറ്റം കൊണ്ടല്ല എന്നുള്ളത് അദ്ദേഹത്തിനും അറിയാവുന്നതാണ്. അതുമാത്രം അദ്ദേഹം പറയാതിരുന്നതിലുള്ള ഒരു ദുഃഖം മാത്രമേ എനിക്കുള്ളൂ. അവിടെയുള്ള ബാക്കി പദ്ധതികളെക്കുറിച്ച് പറയാം. എൽ.ഐ.സി.-യുടെ ധനസഹായത്തോടുകൂടി നടത്തുന്ന പദ്ധതിയാണ്. നേരത്തെ പറഞ്ഞതുപോലെ 4.67 ദശലക്ഷം വെള്ളമാണ് വേണ്ടത്. പദ്ധതിക്ക് ആവശ്യമായ ജലം ചിറ്റൂർ പുഴയിലെ തത്തമംഗലത്ത് നിലവിലുള്ള ചിറ്റൂർ-തത്തമംഗലം ശുദ്ധജല വിതരണ പദ്ധതിയുടെ കിണറ്റിൽ നിന്ന് പമ്പ് ചെയ്ത് എടുക്കണം എന്നുള്ളതാണ് ബേസിക് ഇഷ്യൂ. പുതുനഗരത്തിലെ പദ്ധതി പൂർത്തീകരിക്കാൻ ഉന്നതതല ജലസംഭരണിയിലേക്ക് ജലം എത്തിച്ച് 63 കി. മീറ്റർ നീളമുള്ള വിതരണ ശൃംഖലകൾ വഴി 273 പൊതു ടാപ്പുകളിലൂടെ ജലവിതരണം നടത്തണമെന്നുള്ളതാണ്. പദ്ധതിക്കുള്ള ജല ശുദ്ധീകരണശാല, ഉന്നതതല ജലസംഭരണികൾ തെക്കത്തിവട്ടാരം ജല സംഭരണിയിൽ നിന്ന് വിവിധ ടാങ്കുകളിലേക്ക് പൈപ്പ് ലൈനുകൾ എന്നിവയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ആ ചർച്ചയിൽ പറഞ്ഞതുപോലെ തന്നെ നിലവിലുള്ള രണ്ട് പഞ്ചായത്തുകളിലായി ബോർവെല്ലുകൾ സ്രോതസ്സാക്കിയാണ് അവിടെ വെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെടുത്തുവന്നത്. മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇനിയും ശേഷിച്ചിട്ടുള്ള മുഖ്യ ഘടകമായ പ്ലാന്റിൽ നിന്നും പുതുനഗരത്തിലേക്കുള്ള പമ്പിംഗ് മെയിനിന്റെ പണികൾ നടന്നുവരുകയാണ്. എന്നാൽ ഈ സന്ദർഭത്തിൽ ഇപ്പോൾ പമ്പ് ചെയ്യുന്ന കിണറ്റിൽനിന്നും പുതുതായി പുതുനഗരത്തിലേക്കും കൊടുവായൂരിലേക്കും ജലം എത്തിക്കുകയാണെങ്കിൽ ചിറ്റൂർ മുനിസിപ്പാലിറ്റിയുടെ ഇപ്പോഴത്തെ ജലവിതരണത്തെ കാര്യമായി ബാധിക്കുമെന്നും അതിനാൽ ആ സ്രോതസ്സിനു താഴെയായി തടയണകൂടി പണിത് ജല ലഭ്യത ഉയർത്തിയാൽ മാത്രമേ പൈപ്പ് ലൈൻ നീട്ടാനുള്ള അനുവാദം നൽകുകയുള്ളുവെന്നും പറഞ്ഞ് ചിറ്റൂർ നഗരസഭ അധികൃതർ തടസ്സവാദം ഉന്നയിച്ചിരിക്കുകയാണ്. തുടർന്ന് ചിറ്റൂർ മുനിസിപ്പാലിറ്റിയുടെ എല്ലാ കൗൺസിലർമാരേയും ഉൾപ്പെടുത്തിക്കൊണ്ട് പുതിയതായിട്ടുള്ള പദ്ധതിക്ക് കുറച്ച് ജലമെങ്കിലും ലഭ്യമാക്കുന്നതിന് പൈപ്പ്ലൈൻ പണി തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകാനുള്ള സഹായം ചെയ്തുതരണമെന്ന് ഡിപ്പാർട്ടുമെന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണയോഗം നടത്തിയെങ്കിലും അവിടെ മുനിസിപ്പാലിറ്റിയുമായുള്ള തടസ്സവാദം തീരുന്നില്ല. പിന്നീട് പുതുനഗരം-കൊടുവായൂർ പഞ്ചായത്തുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരണം നടത്തിയിട്ടുണ്ട്. രണ്ട് പഞ്ചായത്തുകളിലും പഞ്ചായത്ത് പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ ആക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച് ഈ കാര്യം ചിറ്റൂർ നഗരവുമായി ബന്ധപ്പെട്ട് സമവായത്തിൽ തീർക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ഇതുവരെ 376 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പമ്പിംഗ് മെയിൻ, മോട്ടോർ പമ്പ് എന്നീ പ്രവർത്തികൾക്ക് 150 ലക്ഷത്തോളം രൂപ ചെലവ് വരുന്നുണ്ട്. ഇതുസംബന്ധിച്ച ജനപ്രതിനിധികളുടേയും ഉന്നതതല ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ച് ചേർത്ത് ഈ പ്രശ്നം സോർട്ട്ഔട്ട് ചെയ്യാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(7) എയ്ഡഡ് കോളേജ് ജീവനക്കാർ നടത്തുന്ന സമരം

ശ്രീ. പി. ജയരാജൻ: സർ, കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ അനധ്യാപക ജീവനക്കാർ ഇന്ന് ഒരു സമരത്തിന്റെ പാതയിലാണ്. അതിന്റെ ഭാഗമായി ഇന്നലെ മുതൽ സെക്രട്ടേറിയറ്റിനു മുമ്പിൽ ആറ് സംഘടനകളുടെ നേതാക്കന്മാർ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചിരിക്കുകയാണ്. എയ്ഡഡ് കോളേജുകളിലെ സ്റ്റാഫ് പാറ്റേണിലെ അപാകതകൾ പരിഹരിക്കുക, കോളേജുകളിലെ ശാസ്ത്രീയമായ ഗ്രേഡ് തിരിമതി പിൻവലിക്കുക, വെട്ടിക്കുറച്ച സീപ്പർ, വാച്ചർ, സ്കാവഞ്ചർ തസ്തികകൾ പുനഃസ്ഥാപിക്കുക, പ്രൊമോഷൻ ആനുകൂല്യങ്ങൾ അനുവദിക്കുക, ലൈബ്രേറിയന്മാരുടെ പ്രൊമേഷനുകൾ പുനഃസ്ഥാപിക്കുക തുടങ്ങിയവയാണ് അവർ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ. കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ അനധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള 11/2004-ലെ ഉത്തരവിലെ അപാകതകൾ പരിഹരിക്കണമെന്നതാണ് ഒരു ആവശ്യം. ആ ഉത്തരവ് ആരംഭിക്കുന്നതുതന്നെ പ്രീ-ഡിഗ്രി ഡീ ലിങ്ക് ചെയ്തതോടുകൂടി വരുന്ന പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly